പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 125 — 11-06-2012 -ൽ മറുപടിക്ക്.

## ലൈസൻസും പെർമിറ്റും പുതുക്കൽ

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ മാർച്ച് 30, 31 തീയതികളിലായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് പുതുക്കി നൽകിയ ഷാപ്പ് ലൈസൻസ്, അന്തർ ജില്ലാ കള്ള് കടത്ത് പെർമിറ്റ് എന്നിവയെത്രയെന്ന് വ്യക്തമാക്കാമോ; | (എ) കഴിഞ്ഞ മാർച്ച് 30, 31 തീയതികളിലായി 4072 കള്ള് ഷാപ്പുകളുടെ ലൈസൻസ് പുതുക്കി നൽകുകയും, 1537 അന്തർജില്ലാ കള്ള് കടത്ത് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഷാപ്പ് ലൈസൻസും കള്ള് കടത്ത് പെർമിറ്റും പുതുക്കി നൽകുന്നതിന് മുൻപ് എന്തൊക്കെ പരിശോധനകളാണ് നടത്തേണ്ടത്; | (ബി) അപേക്ഷകന്, അബ്കാരി വെൽഫെയർ ഫണ്ട്, റ്റോഡി വെൽഫെയർ ഫണ്ട് എന്നിവയിൽ കുടിശ്ശികയുണ്ടോ എന്നും, ടിയാൻ അബ്കാരി കേസുകളിൽ ഉൾപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടോയെന്നും, കൂടാതെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ശുപാർശ, അപേക്ഷകന്റെ സത്യവാങ്മൂലം എന്നിവ ഉണ്ടോ എന്നും, ഷാപ്പ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടം നിയമാനുസൃതമാണോയെന്നും, കെട്ടിട ഉടമയുടെ സമ്മതപത്രം ലഭ്യമായിട്ടുണ്ടോയെന്നും പരിശോധിച്ചു വരുന്നു. കള്ള് കടത്ത് പെർമിറ്റ് നൽകുമ്പോൾ, ലൈ സൻസിയുടെ അപേക്ഷയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തോട്ടം നേരിട്ട് പരിശോധിച്ച് അപേക്ഷ പ്രകാരമുള്ള വൃക്ഷം ലഭ്യമാണോ എന്നും, അതിന് വൃക്ഷക്കരം അടച്ചിട്ടുണ്ടോ എന്നും, വൃക്ഷ ഉടമയുടെ സമ്മതം ലഭ്യമാക്കിയോ എന്നും പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത പരിശോധനകൾക്ക് ശേഷമാണോ അവ പുതുക്കി നൽകിയത് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ? | (സി) ഉണ്ട്. |

സെക്ഷൻ ആഫീസർ